# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 7334 16.07.2012 - ൽ മറുപടിയ്ക്ക്

### അങ്കമാലി മിനിസിവിൽസ്റ്റേഷന്റെ രണ്ടാം ഘട്ട നിർമ്മാണപ്രവൃത്തി

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ : | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| --- | --- |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുക അനുവദിച്ച് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞിട്ടും അങ്കമാലി മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് തുക അനുവദിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ; | (എ) അങ്കമാലി മിനിസിവിൽസ്റ്റേഷന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് ഭരണാനുമതിക്കുള്ള ശുപാർശ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ, പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നെങ്കിലും, മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാതിരുന്നതിനാലാണ് ഭരണാനുമതി നൽകാതിരുന്നത്. |
| (ബി) രണ്ടാംഘട്ട നിർമ്മാണത്തിനായി തുക എന്നത്തേക്ക് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ബി) 2012-13 സാമ്പത്തിക വർഷത്തിൽ, അങ്കമാലി മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിനു വേണ്ടി 600 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ്, ഭരണാനുമതിക്ക് വേണ്ടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശ, പൊതുമരാമത്ത് വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ